**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല - മൂർക്കനാട് ഗ്രാമ പഞ്ചായത്തിലെ നിർദ്ദിഷ്ട മിൽമ പാൽ സംസ്കരണശാലയ്ക്ക് ശുദ്ധ ജലം ലഭ്യമാക്കുന്നതിനായി കുന്തി പുഴ പുറമ്പോക്ക് ഭൂമി പാട്ടത്തിന് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.'

**തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

സ.ഉ.(സാധാ) നം. 1755/2019/തസ്വഭവ തീയതി, തിരുവനന്തപുരം, 14/08/2019

പരാമർശം : 1 16.10.2014 ലെ സ.ഉ.(സാധാ) 1876/14/കൃഷി നം. ഉത്തരവ്

2. മൂർക്കനാട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 22.01.2019 ലെ 13 (1) - ാം നമ്പർ തീരുമാനം.

3. പഞ്ചായത്ത് ഡയറക്ടറുടെ 25.05.2019 ലെ സി2-35590/2017 നമ്പർ കത്ത്.

**ഉത്തരവ്**

മൂർക്കനാട് ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് 40 കോടി രൂപ മുതൽ മുടക്കിൽ മിൽമയ്ക്ക് പാൽ സംസ്കരണശാല സ്ഥാപിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ടി സംസ്കരണ ശാലയ്ക്ക് ആവശ്യമായ ജലം കുന്തിപുഴയിൽ നിന്നും പമ്പ് ചെയ്തെടുക്കുന്നതിലേക്കായി ഇൻഫിൽട്രേഷൻ ഗാലറി, പമ്പ് ഹൗസ്, കിണർ എന്നിവ സ്ഥാപിക്കുന്നതിനായി പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള സർവ്വെ നം 123/2 ലെ 5.6 സെന്റ് പുഴ പുറമ്പോക്ക് ഭൂമി വിട്ടുനൽകുന്നതിന് പരാമർശം (2) പ്രകാരം മൂർക്കനൂർ ഗ്രാമ പഞ്ചായത്ത് തീരുമാനമെടുത്ത് പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (3) കത്ത് പ്രകാരം സർക്കാർ അനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) പാൽ സംസ്കരണ ശാലയ്ക്ക് നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്ന ഭൂമി ബി.ടി.ആർ. പ്രകാരം പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ നിലവിൽ കര ഭൂമിയായി കിടക്കുന്നതാണെന്നും മൂർക്കനാട് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം മലബാർ റീജിയണൽ കോ-ഓപ്പറേറ്റീവ് പ്രൊഡ്യൂസേഴ്സ് യൂണിയൻ ലിമിറ്റഡിന് (മിൽമ) പാൽ സംസ്കരണ ശാലയ്ക്ക് പമ്പ് ഹൗസ്, കിണർ, ഇൻഫിൽട്രേഷൻ ഗാലറി എന്നിവ സ്ഥാപിക്കുന്നതിനായി, മൂർക്കനാട് ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതും സർവ്വെ നം. 23 /2 ൽ ഉൾപ്പെട്ടുവരുന്നതുമായ 5.6 സെന്റ് പുഴ പുറമ്പോക്ക്, പഞ്ചായത്ത് സമിതി

നിശ്ചയിക്കുന്ന കാലയളവിലേക്ക് തൽസമയം പ്രാബല്യത്തിലുള്ള നിയമങ്ങൾക്കനുസൃതമായി പാട്ടത്തിനു നൽകുന്നതിന് മൂർക്കനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മദീന ബീഗം
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, മൂർക്കനാട് ഗ്രാമപഞ്ചായത്ത്, മലപ്പുറം - 679 338
മാനേജിംഗ് ഡയറക്ടർ, മലബാർ റീജിയണൽ കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ലിമിറ്റഡ് (മിൽമ), പെരിങ്ങോലം, കുന്നമംഗലം (പി.ഒ.), കോഴിക്കോട് - 673571.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ./എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ & പി.ആർ.ഡി - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. LSGD-RC4/275/2017-LSGD)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്:-
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്